**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5343 — 31.10.2016-ൽ മറുപടിയ്ക്ക്

## ഭരണ നിർവ്വഹണത്തിലെ സമൂല മാറ്റം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| കേരളത്തിലെ കാർഷിക വളർച്ച മന്ദീഭവിയ്ക്കുകയും പൊതുമേഖലാ യൂണിറ്റുകൾ നഷ്ടത്തിലാകുകയും പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയും വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കപ്പെടുകയും പൊതു ആരോഗ്യസംവിധാനം ദുർബലപ്പെടുകയും ചെയ്തിട്ടുള്ള ഈ പശ്ചാത്തലത്തിൽ ഈ അവസ്ഥക്കൊരു സമൂല മാറ്റം കൊണ്ടുവരുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചു വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പിന്റെ 28.09.2016-ലെ സ.ഉ. (പി) നം. 41/2016/ ആ.സാ.വ നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br>1. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി<br>2. ജന സൗഹൃദ സർക്കാർ ആശുപത്രികൾ<br>3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി<br>4. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.<br>സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണിവ. ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. പൊതുമേഖലാ യൂണിറ്റുകളുടെ വളർച്ചയ്ക്ക് വിഘാതമായ കെടുകാര്യസ്ഥതയും അഴിമതിയും നിർമ്മാർജ്ജനം ചെയ്ത് വ്യാവസായിക പുരോഗതി ഉറപ്പുവരുത്തുന്ന പുതിയ നയം രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ